# കേരള സർവ്വകലാശാല

## (സംഗ്രഹം)

സി.ബി.സി.എസ് സമ്പ്രദായത്തിലുള്ള ഡിഗ്രി കോഴ്സുകൾക്ക് എൻ.സി.സി പ്രവർത്തനങ്ങൾക്കുള്ള ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് - നിയമങ്ങൾ ഭേദഗതി ചെയ്തത് - അംഗീകരിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ.V വിഭാഗം

നം:4157/1/എൻ.സി.സി /2019 തിരു:തീയതി:13.06.2019

---

പരാമർശം:1.സർവകലാശാല ഉത്തരവ് നം: AcAV/1/Grace Marks /2015 തീയതി:25.02.2015

2. എൻ.സി .സി കേഡറ്റുകളിൽ നിന്നും 05.02.2019,08.02.2019 ൽ ലഭിച്ച അപേക്ഷകൾ.

3.16.05.2019 ൽ നടന്ന കംബൈൻഡ് മീറ്റിങ് ഓഫ് ദി സ്റ്റാന്റിംഗ് കമ്മിറ്റിസ് ഓഫ് ദി സിൻഡിക്കേറ്റ് ഓൺ എക്സാമിനേഷൻസ് ആൻഡ് സ്റ്റുഡന്റസ് സർവീസെസ്സ്ന്റെ-മിനുട്ട്സ്

4. 25.05.2019 ൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്ട്സ് .

## ഉത്തരവ്

പരാമർശം (3) പ്രകാരം 16.05.2019 ൽ നടന്ന കംബൈൻഡ് മീറ്റിങ് ഓഫ് ദി സ്റ്റാന്റിംഗ് കമ്മിറ്റിസ് ഓഫ് ദി സിൻഡിക്കേറ്റ് ഓൺ എക്സാമിനേഷൻസ് ആൻഡ് സ്റ്റുഡന്റസ് സർവീസെസ്സ്ന്റെ യോഗത്തിൽ സി.ബി.സി.എസ് സമ്പ്രദായത്തിലുള്ള ഡിഗ്രി കോഴ്സുകൾക്കുള്ള എൻ.സി.സി പ്രവർത്തനങ്ങൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച നിയമങ്ങളിൽ ഭേദഗതികൾ നിർദ്ദേശിക്കുകയും പ്രസ്തുത നിർദ്ദേശങ്ങൾ 25.05.2019 ൽ നടന്ന സിൻഡിക്കേറ്റിന്റെ യോഗത്തിൽ പരിശോധിക്കുകയും അവ അംഗീകരിക്കുകയും ചെയ്തു.

പരാമർശം (4) പ്രകാരം അംഗീകരിച്ച എൻ.സി.സി പ്രവർത്തനങ്ങളും അവയ്ക്ക് അനുവദനീയമായ ഗ്രേസ് മാർക്കുകളും ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പ്രവർത്തനം | ഗ്രേസ് മാർക്ക്(%) |
|---|---|---|
| 1. | 75% ഹാജർ | ഓരോ പ്രകടന വർഷത്തിനും 3% എന്ന തോതിൽ |
| 2. | 10 ദിവസത്തെ വാർഷിക പരിശീലന ക്യാമ്പ് (ATC) | 3% |
| 3. | റിപ്പബ്ലിക്ക് ദിനത്തിന് മുന്നോടിയായുള്ള ക്യാമ്പ് (Pre Rd Camp) | 5% |
| 4. | ബി.സർട്ടിഫിക്കറ്റ് | 4% |
| 5. | സി .സർട്ടിഫിക്കറ്റ് | 5% |
| 6. | ബേസിക് ലീഡർഷിപ്പ് ക്യാമ്പ് (BLC), താൽസൈനിക് ക്യാമ്പ് (TSC), നാവു സൈനിക് ക്യാമ്പ് (NSC),വായു സൈനിക് ക്യാമ്പ് (VSC).ഇന്റർ ഗ്രൂപ്പ് കോമ്പറ്റിഷൻ (IGC),അഡ്വാൻസ്ഡ് ലീഡർഷിപ്പ് ക്യാമ്പ് (ALC) തുടങ്ങിയ എല്ലാ സെൻട്രലി ഓർഗനൈസ്ഡ് ക്യാമ്പുകളും | 6% |
| | ദേശീയോദ്ഗ്രഥന ക്യാമ്പ് (NIC) | |
| | ട്രകിംഗ്,അഡ്വഞ്ചർ മൗണ്ടനീറിങ് ക്യാമ്പ്,ആർമി അറ്റാച്ച്മെന്റ് ക്യാമ്പ്(AAC),സോഷ്യൽ സർവീസ് ക്യാമ്പ് (SSC), ഡൽഹിയിലെ സ്പോർട്സ് ആൻഡ് ഗെയിംസ് | |
| 7. | വെയിറ്റേജ് സർട്ടിഫിക്കറ്റ് | 3% |

| | | |
|---|---|---|
| 8. | റിപ്പബ്ലിക്ക് ദിന ക്യാമ്പ് (RDC),സ്വാതന്ത്ര്യദിന ക്യാമ്പ് (IDC) | 8% |
| 9. | യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം (YEP) | 9% |
| 10. | പരമാവധി | 15% |

ബഹു.വൈസ് ചാൻസിലറുടെ അംഗീകാരത്തോടെ ഉത്തരവ് പുറപ്പെടുവിക്കുന്നു.
പരാമർശം (1) ലെ എൻ.സി.സി യുമായി ബന്ധപ്പെട്ട ഉത്തരവ് ഇതിനാൽ ഭേദഗതി ചെയ്തിരിക്കുന്നു.
പ്രസ്തുത ഭേദഗതി അക്കാഡമിക് വർഷം 2018-19 മുതൽ നടപ്പിലാക്കേണ്ടതാണ് .

ഒപ്പ്
ശോഭന കുമാരി കെ
ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാദമിക് II)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

വൈസ് ചാൻസിലറുടെ പി എസ്
പ്രൊ വൈസ് ചാൻസിലറുടെ പി എസ്
പി.എ-രജിസ്ട്രാർ
പി എ- സി ഇ
ഡയറക്ടർ കമ്പ്യൂട്ടർ സെന്റർ / ഐ റ്റി സെൽ
എല്ലാ ടാബുലേഷൻ സെക്ഷനുകളും
എ.ആർ/ഡി.ആർ/ജെ.ആർ(സി.ബി.സി.എസ്)
ഇൻക്വയറി / പി ആർ ഒ
എ.ആർ (ഇ.ബി/ബിഎ/ബിഎസ്.സി/ബികോം/ഇഎസ്)
സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ